കായികാദ്ധ്യാപകർക്കുള്ള പ്രോത്സാഹനങ്ങൾ

1304 [2085] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഷാദ്ധ്യാപകരെ പോലെ കായികാദ്ധ്യാപകരെ ഒരു പ്രത്യേക വിഭാഗമായി അംഗീകരിക്കുവാൻ ഗവൺമെന്റിനുള്ള ബുദ്ധിമുട്ടുകൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) നല്ല കായികതാരങ്ങളെ വാർത്തെടുക്കുന്ന ഈ കായികാദ്ധ്യാപകർക്കുവേണ്ട എല്ലാതരത്തിലുമുള്ള പ്രോത്സാഹനങ്ങൾ നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ട്രെയിനിംഗ് അദ്ധ്യാപകർ, തുന്നൽ അദ്ധ്യാപകർ, സംഗീത അദ്ധ്യാപകർ, കായികാദ്ധ്യാപകർ എന്നിവർ ഉൾപ്പെടുന്ന സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ആകെകൂടി ഒരു പ്രത്യേക വിഭാഗമായാണ് കെ. ഇ. ആർ. 23-ാം അദ്ധ്യായപ്രകാരം പരിഗണിച്ചുവരുന്നത്.

(ബി) കായികാദ്ധ്യാപകർക്ക് വേണ്ട എല്ലാ പ്രോത്സാഹനങ്ങളും ഇപ്പോഴുതന്നെ കൊടുക്കുന്നുണ്ട്.

പ്രത്യേക തൊഴിൽദാന പദ്ധതിയനുസരിച്ച് പി. എസ്.സി. എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുത്ത അദ്ധ്യാപകർ

1305 [2087] ശ്രീ. പി. ആർ. ശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക തൊഴിൽദാനപദ്ധതിയനുസരിച്ച് പി.എസ്.സി. എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുത്ത പ്രൈമറിസ്കൂൾ അദ്ധ്യാപകരെ എറണാകുളം ജില്ലയിൽ നിയമിക്കാതെ ജില്ലയ്ക്കുവെളിയിൽ നിയമിച്ച വിവരം അറിയാമോ;

(ബി) എറണാകുളം ജില്ലയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരെ പുറത്തുനിർത്തിക്കൊണ്ട്, ജില്ലയിൽ ഉണ്ടാകുന്ന ഒഴിവുകൾ മുഴുവൻ പ്രൈമറിസ്കൂൾ അദ്ധ്യാപകർക്ക് സംരക്ഷണം നൽകാനും മറ്റു ജില്ലകളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് ജില്ലാന്തരസ്ഥലംമാറ്റം നൽകാനും ഉപയോഗിക്കുന്നുവെന്ന പരാതിയുണ്ടോ;

(സി) എങ്കിൽ ഈ പ്രശ്നം പരിശോധിക്കുന്നതിനും ഈ അദ്ധ്യാപകരെ എറണാകുളം ജില്ലയിലേക്ക് തിരിച്ചുകൊണ്ടുവരാനും അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) എറണാകുളം ജില്ലയിൽ ഒഴിവില്ലാതെ വന്നതിനാൽ കുറെ അദ്ധ്യാപകരെ ജില്ലയ്ക്ക് പുറത്ത് നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly